# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*187

## 14.06.2019 ൽ മറുപടി നൽകേണ്ടത്

## <u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>

**<u>ചോദ്യം</u>**

ശ്രീ.വി.ആർ സുനിൽ കുമാർ
ശ്രീ സി. ദിവാകരൻ
ശ്രീ.ഇ.കെ വിജയൻ
ശ്രീമതി.സി.കെ.ആശ

**<u>ഉത്തരം</u>**

ഡോ.ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ? വ്യക്തമാക്കുമോ; | ഉണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരങ്ങളെ തുടർന്ന് ഇത് സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ മുഖാന്തിരം ഒരു സാമ്പിൾ സർവ്വെ നടത്തുകയുണ്ടായി. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ഒരു സമഗ്രമായ സർവ്വേ ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിലുള്ള മഹിളാ പ്രധാൻ ഏജന്റുമാർ മുഖാന്തിരം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അനർഹരായ വ്യക്തികളെ പരിശോധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷനിൽ നിന്നും ഒഴിവാക്കി വരുന്നുണ്ട്. നിർദ്ദിഷ്ട സമഗ്ര സർവ്വെ പൂർത്തീകരിക്കുന്നതോടെ അനർഹരായവരെ പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്നാണ് വിശ്വാസം. അതേ സമയം അർഹരായ എല്ലാവർക്കും പെൻഷൻ ലഭ്യമാക്കണമെന്നതാണ് സർക്കാർ നയം.<br>ജനന മരണ സിവിൽ രജിസ്ട്രേഷൻ സൈറ്റിന്റെ വെബ്ബ് സർവ്വീസ് നൽകുക വഴി മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വെബ്ബ് സർവ്വീസ് ലഭ്യമാക്കി ഇത്തരത്തിൽ അനർഹരായവരെ കണ്ടെത്തുന്നതിലേക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി ആരംഭിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മുതലുള്ള പെൻഷൻ ഈ കമ്പനി വഴിയാണ് വിതരണം നടത്തി വരുന്നത്. നിലവിൽ 2019 ഏപ്രിൽ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പെൻഷൻ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരം ഗുണഭോക്താക്കളുടെ വീടുകളിൽ കൊണ്ട് ചെന്ന് നൽകുന്ന രീതി തുടർന്ന് വരുന്നു.<br>പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുകയും ടി സ്ഥാപനങ്ങളിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുകയും ചെയ്യുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.<br>സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിലേക്ക് ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. 1000 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സിയല്ലാത്ത നാലോ അതിലധികമോ ചക്രങ്ങൾ ഉള്ള വാഹനങ്ങൾ (അംബാസിഡർ കാർ ഒഴികെ) സ്വന്തമായുള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹരല്ല എന്ന് സർക്കാർ ഉത്തരവാകുകയും ഇക്കാര്യം പെൻഷൻ അനുവദിക്കുന്ന പ്രാദേശിക സർക്കാരുകളിൽ ലഭിക്കുന്നതിലേക്ക് മോട്ടോർ വാഹന വകുപ്പിന്റെ വെബ്ബ് സർവ്വീസ് സാമൂഹ്യ സുരക്ഷാ പെൻഷൻ സേവന സോഫ്റ്റ് വെയറിൽ നൽകിയിട്ടുമുണ്ട്. ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവരിൽ 2000 രൂപ വരെ പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ സാധാരണ നിരക്കിലും 2000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് 600 രൂപ നിരക്കിൽ മാത്രമേ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയുള്ളൂ എന്നും ഉത്തരവായിട്ടുണ്ട്. വികലാംഗർക്ക് വികലാംഗ പെൻഷനു പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷനോ ക്ഷേമനിധി ബോർഡ് പെൻഷനോ കൂടി ലഭിക്കാൻ അർഹതയുണ്ട്. ഇതിൽ ഒരു പെൻഷൻ സാധാരണ നിരക്കിലും മറ്റൊന്ന് 600 രൂപ നിരക്കിലുമാണ് ലഭിക്കുന്നത്. 80 ശതമാനവും അതിനുമുകളിലും വൈകല്യം ഉള്ളവർക്ക് വികലാംഗ പെൻഷൻ 1300 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 75 വയസ്സ് കഴിഞ്ഞ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾക്ക് 1500 രൂപ നിരക്കിലും ലഭിക്കുന്നതാണ്.<br>അർഹരായ മുഴുവൻ പേർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കണമെന്നതാണ് സർക്കാർ നയം. ഈ സർക്കാർ ചുമതലയേറ്റെടുക്കുമ്പോൾ പ്രതിമാസം 600 രൂപ നിരക്കിൽ 3443414 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നത്. ഇന്ന് 1200 രൂപ നിരക്കിൽ 4525579 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**<u>പൊതു മാനദണ്ഡങ്ങൾ</u>**

1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.
2. അപേക്ഷകൻ സർവ്വീസ് പെൻഷണർ / കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്.
3. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്.
4. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്

   ( പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല )
5. 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള , ടാക്സിയല്ലാത്ത , നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായുള്ള വ്യക്തികളാകരുത്.

**<u>വാർദ്ധക്യകാല പെൻഷൻ</u>**

1. പെൻഷന് അർഹതയ്ക്കുള്ള കുറഞ്ഞപ്രായം 60 വയസ്സാണ്.
2. 75 വയസ്സിനു മുകളിലുള്ളവർക്ക് വർദ്ധിച്ച നിരക്കിൽ പെൻഷന് അർഹതയുണ്ട്

   (നിലവിൽ 1500/- രൂപ).

**<u>വിധവാ പെൻഷൻ</u>**

1. ഭർത്താവ് മരണപ്പെട്ടകയോ ഭർത്താവിനെ കാണാതായത് കാരണം വില്ലേജ് ഓഫീസർ/ റവന്യൂ അധികാരികൾ നിയമപ്രകാരം നൽകുന്ന വിധവാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ .
2. ഭർത്താവുമായി അകന്ന് കഴിയുന്നവർ/ വിവാഹ ബന്ധം വേർപെടുത്തിയവർ, വിധവ എന്ന വിഭാഗത്തിൽപ്പെടാത്തതിനാൽ അത്തരക്കാർ വിധവാ പെൻഷൻ ലഭിക്കാൻ അർഹരല്ല

**<u>വികലാംഗ പെൻഷൻ</u>**

1. വികലാംഗനായ വ്യക്തിക്ക് വികലാംഗ പെൻഷനു പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും .
2. 80 % നും അതിനു മുകളിലും വൈകല്യമുള്ളവർക്ക് വർദ്ധിച്ച നിരക്കിൽ വികലാംഗ പെൻഷന് അർഹതയുണ്ട് (നിലവിൽ 1300/- രൂപ).
3. വികലാംഗ പെൻഷൻ ഗുണഭോക്താവ് ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്ന വ്യക്തിയാണെങ്കിൽ രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹനല്ല .
4. നിലവിൽ വികാലാംഗ പെൻഷൻ ഒഴികെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചു വരുന്ന വികലാംഗനായ വ്യക്തിക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി വികലാംഗ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.
5. തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ വികലാംഗ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. അത്തരക്കാർക്ക് മറ്റ് വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല .

**50 വയസ്സ് കഴിഞ്ഞ അവിവാഹിതകർക്കുള്ള പെൻഷൻ**

1. അപേക്ഷക 50 വയസ്സ് പൂർത്തിയാക്കിയിരിക്കണം.
2. അപേക്ഷക അവിവാഹിതയായിരിക്കണം

**കർഷക തൊഴിലാളി പെൻഷൻ**

1. 60 വയസ്സോ അതിനു മുകളിലോ ആയിരിക്കണം
2. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം

**മറ്റ് മാനദണ്ഡങ്ങൾ**

1. 06/02/2017 ന മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.
2. 06/02/2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് ( ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ .
3. തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധിബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06/07/2018 തീയതിക്ക് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.
4. പെൻഷൻ ഗുണഭോക്താക്കൾ/പുതിയ അപേക്ഷകർ ആധാർ നമ്പർ പ്രാദേശിക സർക്കാരിൽ ലഭ്യമാക്കണം. ആധാർ നമ്പർ ഇതുവരെ ലഭിച്ചിട്ടില്ലാത്തവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമാകുന്ന പക്ഷം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ, റേഷൻ കാർഡോ സ്വീകരിച്ച് കൊണ്ട് പെൻഷൻ നൽകാവുന്നതാണ്. ആധാർ നമ്പർ ലഭിക്കുന്നതുവരെ മാത്രമേ ഇത്തരത്തിലുള്ള ഇളവ് അനുവദിക്കുകയുള്ളൂ .
5. പട്ടിക വർഗ്ഗത്തിൽപ്പെടുന്ന പെൻഷൻ അപേക്ഷകർ / കിടപ്പ് രോഗികൾ /80 വയസ്സ് കഴിഞ്ഞവർ എന്നിവർക്ക് ആധാർ അടക്കമുള്ള മറ്റ് രേഖ കൾ ഇല്ലായെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായം നിർണ്ണയിച്ച് പെൻഷൻ അനുവദിക്കുന്ന രീതി തുടരാവുന്നതാണ്.
6. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും അപേക്ഷകന്റെ മറ്റ് ഭൗതിക സാഹചര്യങ്ങളും ജീവിത നിലവാരവും പരിശോധിച്ചും മാത്രമേ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ .
7. പ്രതിമാസം 2000/ രൂപ വരെ ഇപിഎഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും. എന്നാൽ പ്രതിമാസം 2000 രൂപയ്ക്കു മുകളിൽ ഇപിഎഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
8. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി അർഹരായ ഗുണഭോക്താക്കളുടെ പെൻഷൻ അപേക്ഷ പ്രാദേശിക

സർക്കാർ കമ്മിറ്റി അംഗീകരിച്ച് അപേക്ഷയിലെ വിവരങ്ങൾ സേവനയിൽ ഡാറ്റാ എൻട്രി നടത്തി ഡി.ബി.റ്റി. സെൽ സാധുത നൽകുന്ന തീയതി മുതൽക്കു മാത്രമേ ആദ്യ പെൻഷൻ ലഭിയ്ക്കുന്നതിന് അർഹതയുള്ളൂ.

9. എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകരും/ ഗുണഭോക്താക്കളും താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്.

I) താൻ സർവ്വീസ് പെൻഷണർ അല്ല.

ii) താൻ ആദായ നികുതി നൽകുന്നില്ല.

iii) തന്റേയോ തന്റെ കുടുംബത്തിന്റേയോ പേരിൽ 2 ഏക്കറിൽ കൂടുതൽ ഭൂമിയില്ല. (ഈ നിബന്ധന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമല്ല)

സെക്ഷൻ ഓഫീസർ